## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 148

09-03-2015- ൽ മറുപടിക്ക്

### ബോട്ട് സർവ്വീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ : | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം ജല മാർഗ്ഗത്തിലൂടെ യാത്രാ ബോട്ടുകൾ സർവ്വീസ് നടത്തുന്നു ; ഇതിൽ കെ.എസ്.ഡബ്ല്യൂ.റ്റി.സി. യുടെ ഉടമസ്ഥതയിലുള്ള ബോട്ടുകൾ എത്ര ; അല്ലാത്തവ എത്ര ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പ് കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് ദിവസേന 51 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു. കൊല്ലം മേഖലയിൽ അഷ്ടമുടി കായലിലും കൊല്ലം-കോട്ടപ്പുറം നാഷണൽ വാട്ടർവേ (നം. 3 കനാൽ) വഴി കൊല്ലം - ആലപ്പുഴ, തേവര -കാക്കനാട് റൂട്ടിലും, ആലപ്പുഴ മേഖലയിൽ വേമ്പനാട് കായൽ, പമ്പാ നദി കേന്ദ്രീകരിച്ചും ; കോട്ടയം മേഖലയിൽ കൊടൂർ ആറും - വേമ്പനാട് കായലും ബന്ധിപ്പിച്ചും, എറണാകുളം മേഖലയിൽ കൊച്ചി- പോർട്ട് - പെരിയാർ റൂട്ടിലും, കണ്ണൂർ ജില്ലയിൽ മാട്ടൂർ - പറശ്ശിനിക്കടവ് റൂട്ടിലും കാസർഗോഡ് മേഖലയിൽ കൊറ്റി-പടന്ന റൂട്ടിലും സർവ്വീസ് നടത്തി വരുന്നു. |
| (ബി) | സ്വകാര്യ സർവ്വീസ് ബോട്ടുകൾക്ക് സംസ്ഥാനത്തെ ജലപാതയിലൂടെ സർവ്വീസ് നടത്തുന്നതിന് ഗവൺമെന്റിന്റെ പെർമിറ്റ് ആവശ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് ലഭിക്കുന്നതിന് ഗവൺമെന്റ് / സ്വകാര്യ ബോട്ടുകൾക്ക് എന്തെല്ലാം നിബന്ധനകളാണ് പാലിക്കേണ്ടതായിട്ടുള്ളത്; | (ബി) | സ്വകാര്യ സർവ്വീസ് ബോട്ടുകൾ ജലപാതയിലൂടെ സർവ്വീസ് നടത്തുന്നതിന് കേരള ഉൾനാടൻ ജലഗതാഗത നിയമം 2010 പ്രകാരം സർവ്വേ സർട്ടിഫിക്കറ്റും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും തുറമുഖ വകുപ്പിൽ നിന്നും നൽകുന്നു. സർവ്വേ നടത്തുന്ന സമയത്ത് ബോട്ടിലുള്ള ലൈഫ് സേവിംഗ്, ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ, സ്റ്റെബിലിറ്റി, എഞ്ചിൻ ക്രൂ യോഗ്യത എന്നിവ പരിശോധിക്കുന്നു. |
| (സി) | സർവ്വീസ് ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ പരിശോധനകളും മുൻകരുതലുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെന്നും വ്യക്തമാക്കുമോ ? | (സി) | സർവ്വീസ് ബോട്ട് സുരക്ഷ ഉറപ്പാക്കാൻ വർഷം തോറും സർവ്വേ സർട്ടിഫിക്കറ്റ് നൽകാറുണ്ട്. ഇവ പരിപാലിക്കുന്നുണ്ടോ എന്നറിയാൻ വേണ്ടി എല്ലാ സ്ഥലങ്ങളിലും സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നു. ഇതിനായി 6 പോർട്ട് ഓഫ് രജിസ്റ്ററികളിൽ (ആലപ്പുഴ, മുനമ്പം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ) സർവ്വേ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ